# പടവുകൾ

## അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26





GOVT. L.P. SCHOOL, EDANAD
WISDOM LOVE SERVICE


**ഗവ എൽ പി സ്കൂൾ ഇടനാട്**

ഇടനാട് പി. ഒ , കോട്ടയം ജില്ല

ഫോൺ - 04822 - 259450

## സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക് മാസ്റ്റർ **പ്ലാൻ**

## ഗവ. എൽ. പി. സ്കൂൾ ഇടനാട്

**2025-26**

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എൽ .പി. എസ് ഇടനാട് |
| മേൽവിലാസം | : ഇടനാട് പി ഒ കോട്ടയം ,686574 |
| ഫോൺ | :04822 259450 |
| സ്കൂൾ കോഡ് | : 31203 |
| വിദ്യാഭ്യാസ ഉപജില്ല | : രാമപുരം |
| വിദ്യാഭ്യാസ ജില്ല | : പാല |
| റവന്യൂ ജില്ല | : കോട്ടയം |
| ബി.ആർ.സി. | :രാമപുരം |
| സി.ആർ.സി | : കരൂർ |
| ഗ്രാമപഞ്ചായത്ത് | :കരൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : ളാലം |
| ജില്ലാ പഞ്ചായത്ത് | : കോട്ടയം |
| നിയമസഭാമണ്ഡലം | : പാല |
| ലോകസഭാമണ്ഡലം | : കോട്ടയം |
| താലൂക്ക് | : മീനച്ചിൽ |
| വില്ലേജ് | : വള്ളിച്ചിറ |
| ഇ-മെയിൽ വിലാസം | : glpsedanad@gmail.com |
| Facebook | : Glps Edanad |
| സ്കൂൾ വിക്കി | : Glps Edanad |

## ആമുഖം

വിദ്യാലയത്തിലെ ഓരോ കുട്ടിയും നേടേണ്ട ധാരണകളും ശേഷികളും മനോഭാവ ങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി സമൂഹത്തിനും രാഷ്ട്രത്തിനും സമൂഹത്തിനും പ്രയോജനപ്രദമായി ജീവിക്കുന്നതിന് പര്യാപ്തമാക്കുകയും ചെയ്യുന്നതിലൂടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുക.

## സ്കൂൾ ചരിത്രം

കരൂർ പഞ്ചായത്തിൽ ഇടനാട് കരയിൽ 1931-ൽ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ ഈ വിദ്യാലയം 1948 ൽ സർക്കാർ ഏറ്റെടുത്തു. അന്നുമുതൽ ഗവ.എൽ.പി. സ്കൂൾ ഇടനാട് എന്ന് അറിയപ്പെടുന്നു.

വ്യത്യസ്ഥ സാമൂഹ്യ-സാമ്പത്തിക - സാംസ്കാരിക ചുറ്റുപാടിൽ നിന്നു വരുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. രാമപുരം സബ് ജില്ലയിൽ കൂടുതൽ കൂട്ടികൾ പഠിക്കുന്ന ഗവ.എൽ.പി. സ്കൂളുകളിൽ ഒന്ന്. 2017-18 അധ്യയന വർഷം ഇക്കണോമിക് ആയി.

പുതിയ സ്കൂൾ മന്ദിരത്തിന്റെ ഉദ്ഘാടനം ബഹു വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി 27/11 / 2022 ന് നിർവഹിച്ചു. അതോടെ ഇന്റർനെറ്റ് സൗകര്യം ,പ്രോജക്ടർ, interactive board എന്നിവയോടെ ആധുനിക സൗകര്യങ്ങളുള്ള 4 ക്ലാസ്സ് മുറികൾ നിലവിൽ വന്നു.

അദ്ധ്യാപകരും മറ്റ് ജീവനക്കാരും

Headmistress - 1

L.P.S.A-3

P.T.C.M-1

## കാഴ്ച്ചപ്പാട്

* കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകരവു മായ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തി ക്കുന്ന ഒരു സമൂഹസ്യഷ്ടിക്കുതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കുക.

* പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക

* കുട്ടികളുടെ സർഗ്ഗക്രിയാ ശേഷികളെ പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.

* വിദ്യാലയത്തിന്റെ പുരോഗതിക്കായി ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

* വരും കാലത്തിൻറെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

<u>ലക്ഷ്യങ്ങൾ</u>

* 1 മുതൽ 4 വരെയുള്ള ഒരോ കുട്ടിയും നേടേണ്ട ശേഷികൾ, ധാരണകൾ, നൈപുണി കൾ എന്നിവ കുട്ടിയുടെ കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.

* 1 മുതൽ 4 വരെക്ലാസുകളിൽ പഠിക്കുന്ന കട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തുക.

* മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ് ഭാഷയിലും ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

* എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

* കട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക.

* എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.

* പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതികസാഹചര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.

* ICT അധിഷ്ഠിത ഭൗതിക സാഹചര്യങ്ങളും അക്കാദമിക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുക.

* പിന്നോക്കക്കാരെ തുടക്കത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ സഹായം നൽകുക.

* സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക

* ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

* കലാ കായിക പ്രവൃത്തി പരിചയമികവ് ഉറപ്പുവരുത്തുക.

* പഠനം ആകർഷവും ആനന്ദകരവും ആക്കുന്ന വിധം വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം വികസിപ്പിക്കുക.

* സ്കൂൾ ലൈബ്രറി, ലാബ് എന്നിവ നവീകരിക്കുക.

* ലഘുപഠന യാത്രകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ തുടങ്ങി വൈവിധ്യ മാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* കാർഷിക സംസ്കാരം വളർത്തുക.

* വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ ഒരു സംസ്കാരമായി രൂപപ്പെടുത്തും. പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജന അവബോധ ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

* ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ലക്ഷ്യം മുൻനിർത്തി ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം നടപ്പിലാക്കുക.

* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുപ്പെടെ ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.

* സമഗ്ര പഠനപുരോഗതി രേഖതയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.

* മൂല്യനിർണ്ണയരീതിശാസ്ത്രം കാര്യക്ഷമമാക്കുക, പരിഷ്കരിക്കുക.

* സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക.

* പ്രാദേശിക വിഭവങ്ങളും സ്കൂൾ തലത്തിലുള്ള വിവിധ സഹായസംവിധാനങ്ങളേയും അക്കാദമികവും ഭൗതികവുമായ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുക.

# അവസ്ഥാ വിശകലനം

## കുട്ടികളുടെ എണ്ണം 2025-26

| CLASS | TOTAL | | | SC | | | ST | | | OBC | | | OEC | | | GENERAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 1 | 3 | 3 | 6 | 1 | 0 | 1 | 0 | 0 | 0 | 0 | 1 | 1 | 1 | 0 | 1 | 1 | 1 | 2 |
| 2 | 5 | 7 | 12 | 1 | 2 | 3 | 0 | 0 | 0 | 3 | 3 | 6 | 0 | 0 | 0 | 1 | 2 | 3 |
| 3 | 8 | 6 | 14 | 2 | 0 | 2 | 0 | 0 | 0 | 3 | 3 | 6 | 0 | 1 | 1 | 3 | 2 | 5 |
| 4 | 10 | 8 | 18 | 2 | 1 | 3 | 0 | 0 | 0 | 2 | 2 | 4 | 1 | 0 | 1 | 5 | 5 | 10 |
| Total | 26 | 24 | 50 | 6 | 4 | 10 | 0 | 0 | 0 | 8 | 9 | 17 | 2 | 1 | 3 | 10 | 10 | 20 |

No. of classrooms : 6

No of Toilets : 6

No. of Urinal : 4

Drinking water : Water connection

Office room : 1

Staff room : Yes

School hall : Yes

Play Ground : Yes

Ramp and rail : Yes

Computer: : Nil 1

Laptop : 4

Internet : Yes

E-mail : glpsedanad@gmail.com

<u>തനത് പ്രവർത്തനങ്ങൾ</u>

അക്ഷരമരം

പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്സ്

സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്

ശില്പശാലകൾ

പ്രവൃത്തി പരിചയ പരിശീലനം

ഡാൻസ് ക്ലാസുകൾ

പച്ചക്കറിത്തോട്ടം

പൂന്തോട്ടം

<u>പ്രീ-പ്രൈമറി</u>

2017 ജൂണിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചു.

അക്ഷരമരം
മുഴുവൻ കുട്ടികളെയും വായന ലേഖനം എന്നീ മേഖലകളിൽ പ്രാപ്തനാക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങളാണ് അക്ഷരമരം പരിശീലന പരിപാടി
വായനോത്സവം ,രചനോത്സവം പത്ര ക്വിസ്സ് എന്നിവയും സ്കൂളിൽ നടത്തിവരുന്നു ഇത്തരം പ്രവർത്തനങ്ങളിലൂടെ ഈ മേഖലകളിൽ പ്രകടമായ മാറ്റങ്ങൾ കുട്ടികളിൽ വരുത്തുവാൻ സാധിച്ചിട്ടുണ്ട്.
പത്രക്വിസ്
എല്ലാദിവസവും പത്രവാർത്തയെ അടിസ്ഥാനമാക്കി ഒരു ചോദ്യം നൽകുകയും ശരിയുത്തരം കണ്ടെത്തുന്നവരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയിക്ക് സമ്മാനം നൽകുകയും ചെയ്യുന്നു

വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള
അനുബന്ധ സംവിധാനങ്ങൾ

SRG :ഉണ്ട്

| | |
|---|---|
| PTA | : ഉണ്ട് |
| സ്കൂൾ വികസനസമിതി | : ഉണ്ട് |
| സ്കൂൾ സംരക്ഷണ സമിതി | : ഉണ്ട് |
| ഗണിതശാസ്ത്ര ക്ലബ് | : സജീവമാണ് |
| ശാസ്ത്ര – സാമൂഹ്യശാസ്ത്രക്ലബ് | : സജീവമാണ് |
| വിദ്യാരംഗം | : സജീവമാണ് |
| ഹെൽത്ത് ക്ലബ് | : സജീവമാണ് |
| ലൈബ്രറി | : സജീവമാണ് |

## മലയാളം

ഹ്രസ്വകാല പ്രവർത്തനം

* അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ
* വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കുക
* കഥ, കവിത വായന
* അടിക്കുറിപ്പ് എഴുതുക
* പത്ര വായന

മധ്യകാലം

* വായനമൂല ക്ലാസ്സ് ലൈബ്രറി പ്രയോജനപ്പെടുത്തൽ
* വായന മത്സരം
* പതിപ്പുകൾ തായ്യാറാക്കൽ
* ദിനാചരണങ്ങൾ

ദീർഘകാലം

* പി.റ്റി.എ യുടെ സഹകരണത്തോടെ സ്കൂൾ ലൈബ്രറി വിപുലീകരണം
* കൈയ്യെഴുത്തു മാസിക
* ചുമർ പത്രിക നിർമ്മിക്കൽ
* ഗ്രന്ധശാലയിൽ അംഗത്വം ഏറ്റെടുക്കൽ
* ഇ- വായന

## <u>ഇംഗ്ലീഷ്</u>

<u>ഹ്രസ്വകാല പ്രവർത്തനം</u>

എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുക

ചെറിയ സംഭാഷണങ്ങൾ നടത്തുക

ചെറിയ പദ്യങ്ങൾ പഠിക്കുക.

എല്ലാ കുട്ടികളേയും സി ഗ്രേഡിന് മുകളിൽ ആക്കുക.

<u>മധ്യകാലപ്രവർത്തനങ്ങൾ</u>

പത്രവായനശീലമാക്കൽ

ക്ലാസ്സ് റൂം ലൈബ്രറി

ക്ലാസ്സ് റൂം Needs ഇംഗ്ലീഷ് പരിശീലിപ്പിക്കൽ

ഇംഗ്ലീഷ് അസംബ്ലി

<u>ദീർഘകാല പ്രവർത്തനം</u>

അധികവായനയും കുറിപ്പും തയ്യാറാക്കൽ

ചെറിയ വിവരണങ്ങൾ എഴുതുക.

ചെറിയ കഥകളും കവിതകളും രചിക്കൽ

എല്ലാ കുട്ടികളേയും ഇംഗ്ലീഷ് സംസാരിപ്പിക്കൽ
പാഠഭാഗങ്ങൾ കോറിയോഗ്രാഫി രൂപത്തിൽ അവതരിപ്പിക്കൽ

## ഗണിതം

ഹ്രസ്വകാല പ്രവർത്തനങ്ങൾ

ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

ജ്യാമിതീയ രൂപങ്ങൾ

സംഖ്യാബോധം, സ്ഥാനവില ഉറപ്പിക്കൽ

മധ്യകാല പ്രവർത്തനങ്ങൾ

ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശനം

അളവ് - തൂക്ക ഉപകരണങ്ങൾ നിർമ്മിക്കൽ

ക്ലോക്ക് നിർമ്മാണം

ഗണിതക്ലബ്

ഗണിതമൂല തയ്യാറാക്കൽ

ദീർഘകാല പ്രവർത്തനങ്ങൾ

ഗണിതമാഗസിൻ തയ്യാറാക്കൽ

ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ

ഗണിതലാബ് നവീകരിക്കൽ

## പരിസര പഠനം

ഹ്രസ്വകാല പ്രവർത്തനങ്ങൾ

ലോക്കൽ ടെക്സ്റ്റ് തയ്യാറാക്കൽ

ക്യാമ്പുകൾ, ക്ലാസ്സുകൾ സംഘടിപ്പിക്കൽ

ഫീൽഡ് ട്രിപ്പുകൾ

പരിസര നിരീക്ഷണം

മധ്യകാല പ്രവർത്തനങ്ങൾ

പഠനോപകരണ നിർമ്മാണവും പ്രദർശനവും

ശാസ്ത്രമൂല തയ്യാറാക്കൽ

ദിനാചരണങ്ങൾ

പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കൽ

ദീർഘകാല പ്രവർത്തനങ്ങൾ

ശാസ്ത്രലാബ് നവീകരിക്കൽ

ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ

ജൈവവൈവിധ്യ പാർക്ക്

ഔഷധത്തോട്ടം

| മലയാളം | | | | |
|---|---|---|---|---|
| പ്രശ്നം | പ്രവർത്തനരീതി | കാലയളവ് | സാമഗികൾ | ചുമതല |
| 1. ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ- ടെസ്റ്റ്<br><br>അക്ഷരം ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, അക്ഷരകാർഡ് നൽകൽ, വാക്ക്, വാക്യങ്ങൾ നിർമ്മാണം.<br><br>ചിത്രം നോക്കി അടിക്കുറിപ്പ്, കഥ എഴുതൽ, കഥ പൂർത്തിയാക്കൽ<br><br>ICT സാധ്യത ഉപയോഗിച്ച് വാക്കുകൾ, വാക്യങ്ങൾ എഴുതൽ പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്സ്<br><br>മലയാളത്തിളക്കം | 60 ദിവസം | അക്ഷരകാർഡുകൾ പുസ്തകങ്ങൾ | PTA<br>BRC<br>Teachers |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | വായനമൂല<br><br>ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, പുസ്തകം സ്വീകരിക്കൽ, സ്കൂൾ ലൈബ്രറി<br><br>ഗ്രന്ഥശാല അംഗത്വം, വായനമത്സരം, പത്രവായന, വായനക്കു റിപ്പ് പതിപ്പ്, കഥാ കവിത പതിപ്പ്, വ്യക്തിപരം, വിദ്യാരംഗം കലാ സാഹിത്യ വേദി, സ്കൂൾ സഭ, ബാലസഭ ദിനാചരണങ്ങൾ, ഇ-വായന മോണിറ്ററിംഗ് | 8 മാസം | ക്ലാസ്സ് ലൈബ്രറി പത്രം ഗ്രന്ഥശാല വായനാമുറി, ഇന്റർനെറ്റ്, കംമ്പ്യൂട്ടർ | PTA ,<br>ഗ്രന്ഥശാല<br>SSA ,<br>Teachers |
| 3. കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക \| | എഴുത്തുകൂട്ട രൂപീകരണം, പുസ്തക ചർച്ച, ആസ്വാദനക്കുറിപ്പ്, വിവിധ സാഹിത്യശാഖകളെ പരിചയപ്പെടൽ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ, സർഗസൃഷ്ടി പുസ്തകം തയ്യാറാക്കൽ, മോണിറ്റ റിംഗ്, വ്യക്തിഗത രചന, ഭാഷാ പ്രോജക്റ്റ്, ഗ്യാലറി | | | |

| | | | | |
|---|---|---|---|---|
| 4. Post test | ഓരോ പ്രവർത്തനങ്ങൾക്കു ശേഷവും വിലയിരുത്തൽ നടത്തു ന്നു. | | | |

<u>പ്രവർത്തന വിശദീകരണം</u>

പ്രീ-ടെസ്റ്റ് - പിന്നോക്കക്കാരെ കണ്ടെത്തൽ

അക്ഷരം ഉറപ്പിക്കൽ - ചിത്രത്തിലൂടെ മലയാള അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കുന്നു.

കാർഡുകൾ - അക്ഷരങ്ങളിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിൽ നിന്ന് വാക്യ ങ്ങൾ രൂപീകരിക്കൽ

അടിക്കുറിപ്പ് - ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ,
ടീച്ചറിന്റെ സഹായത്തോടെ എഴുതൽ

കഥ പറയൽ - കഥയുടെ ബാക്കി പറയൽ. എഴുതുന്നു

കഥാപുസ്തകം നൽകൽ - വായന, വായനാക്കുറിപ്പ് എഴുതൽ

വീഡിയോ പ്രദർശനം - ചിത്രങ്ങൾ കാണിക്കുന്നു. ചർച്ച എഴുതുന്നു

ഭിന്നശേഷിക്കാരെ പരിഗണിക്കൽ - IED റിസോഴ്സ് ടീച്ചറിന്റെ സേവനം

ക്ലാസ്സ് ലൈബ്രറി രൂപീകരണം - കുട്ടികളുടെ സഹായത്തോടെ ലൈബ്രറി രൂപീകരിക്കൽ

സമീപഗ്രന്ഥശാല അംഗത്വം അംഗത്വം എടുക്കൽ, പുസ്തക വിതരണം, വായന, എഴു

ത്ത്. എന്റെ പുസ്തകം പ്രകാശനം

വായനോത്സവം സംഘടിപ്പിക്കൽ - കുട്ടികളുടെ കൂട്ടായ്മ യോഗം സംഘടിപ്പിക്കൽ, പുസ്തക വായന,

ആസ്വാദനക്കുറിപ്പ് പ്രകാശനം, വായിച്ചകൃതികളുടെ ആവിഷ്കരണം

പത്രവായന - പത്രം ലഭ്യമാക്കൽ, വായന ക്വിസ്, വാർത്ത തയ്യാറാക്കൽ, അവതരണം

വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ,വായന എഴുത്ത് മെച്ചപ്പെടുത്തുവാൻ

വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം, പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടി

പരിചയപ്പെടുത്തൽ

ദിനാചരണങ്ങൾ - വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി

ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

ഇ-വായന - വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്ന് വിവരം ശേഖരിക്കാനുള്ള

നൈപുണി- ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവിധ വീഡിയോ കാണൽ

വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖ

കളുടെ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ

CPTA ഫലപ്രദമാക്കൽ - കുട്ടികളുടെ പഠനമികവ് ഉറപ്പാക്കുന്നതിന് രക്ഷിതാക്കളുടെ സഹ കരണം തേട

ചുവർ പത്രിക - സർഗശേഷി പരിപോഷിപ്പിക്കൽ, പതിപ്പുകൾ തയ്യാറാക്കൽ

രചയിതാക്കളെ പരിചയപ്പെടുത്തൽ - പ്രധാന രചയിതാക്കളുടെ പുസ്തകം. സവിശേഷത,

ജീവചരിത്രക്കുറിപ്പുകൾ, ജനനമരണ ദിനങ്ങൾ ബന്ധപ്പെടുത്തി അവതരണം നടത്തൽ

| ENGLISH | | | |
|---|---|---|---|
| Conducting a pre-test to assess the level of learners<br><br>Planning classroom ac-tivities so as to address different level of learn-ers | Pre-test<br><br>Providing word cards, learn to write words and sentences using pictures, learn to read words, listen to sound repeat them aloud Correcting the jumbled words and jumbled words in a sentence<br><br>use ICT for studying prepositions. Playing simple games. | Text with pictures of words.<br><br>Word cards<br><br>Pictures | 60 days |
| Make the student a good Learner and lover of Language | Reading corners - for simple story books, English clubs, English assembly, speech competition, reading competition, skit presentation, choreography, English balasabha, Self introduction Showing videos animated stories, short films, documentary etc... Spoken English Class | School library<br><br>Story books Pictures<br><br>Paper cuttings Digests ICT | 6 months<br><br>1 day in a week |
| Make the student a good writer | Profile writing, News reports, Changing the poems to a story, conversations, collecting phrasal verbs, Proverbs collecting & exhibit in a chart ones in a week<br><br>Evaluation has been done after each activities. | Library Story books Internet | |
| Post test | Evaluation has been done after each activates | | |

| ഗണിതം | | |
|---|---|---|
| ഗണിതത്തോട് താല്പര്യം ഉളവാക്കാൻ ഗണിതാസ്വാദനം | ഗണിതക്ലബിന്റെ നേതൃത്വത്തിൽ ഗണിതകേളികൾ, പാറ്റേണുകൾ. കുസൃതികണക്കുകൾ, ജ്യാമിതീയ പാറ്റേണുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്ത നങ്ങളിലൂടെ കുട്ടികൾക്ക് ഗണിതത്തോട് താൽപര്യമുണ്ടാക്കുക. ഗണിതപ്ര വർത്തനങ്ങൾ ഉൾപ്പെടുന്ന സോഫ്റ്റ്വെയറുകളുടെ സഹായത്തോടെയുള്ള I CT അധിഷ്ഠിത ബോധന രീതി<br><br>ഗണിതകേളികൾ, കഥകൾ, പസിലുകൾ, മത്സരങ്ങൾ, പാറ്റേണുകൾ, നിർമ്മി തികൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള ശില്പശാലകൾ, ഗണിതകവിതകൾ<br>ഗണിതപ്രദർശനങ്ങൾ | |
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം മനസിലാക്കുന്നു. നേടാതെ പോയ മുന്നറിവുകൾ നേടുന്നതിനായി കൂടുതൽ T LM ഉൾപ്പെടുത്തിയുള്ള പരിഹാരബോധനം, സംഖ്യാബോധം, ചതുഷ്ക്രീയകൾ, അളവുതൂക്കങ്ങൾ. സമയം എന്നിങ്ങനെ പഠനനേട്ടങ്ങൾ മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തി T LM സഹായത്തോടെയും പരിഹാരബോധനം | |
| സംഖ്യാബോധം സ്ഥാനവില | സംഖ്യാബോധം എല്ലാ കുട്ടികൾക്കും നേടുന്നതിനായി പഠനപിന്നോക്ക ക്കാർക്ക് എണ്ണുന്നതിനും കൂട്ടങ്ങളാക്കുന്നതിനും തരംതിരിക്കുന്നതിനു മൊക്കെ ഉതകുന്ന പഠനസാമഗ്രഹികൾ ലഭ്യമാക്കുക. I CT അധിഷ്ഠിതപ്ര വർത്തനങ്ങൾ, വർക്ക്ഷീറ്റുകൾ | |
| ചതുഷ്ക്രീയകൾ | നിത്യജീവിതത്തിലെ പ്രശ്നനങ്ങളുമായി ബന്ധപ്പെടുത്തി ചതുഷ്ക്രിയകൾ അവതരിപ്പിക്കുന്നു. പട്ടികകൾ രൂപീകരിക്കുന്നതിനും ഹൃദിസ്ഥമാക്കുന്ന തിനും ആവശ്യമായ ധാരാളം പ്രവർത്തനങ്ങളും കളികളും ഉൾപ്പെടുത്തു ന്നു. ഗണിതകേളികൾ അടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് പരിശീലനം നൽകുന്നു. | |

| | | |
|---|---|---|
| ജ്യാമിതീയ രൂപങ്ങൾ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, വരയ്ക്കൽ, നിറം നൽകൽ, പാറ്റേണുകൾ രൂപീകരിക്കൽ, എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള ശില്പ ശാലകൾ, കുട്ടികളുടെ നിർമ്മാണങ്ങളുടെ പ്രദർശനം, ഒറിഗാമി, ടാൻഗ്രാം എന്നിവയ്ക്ക് ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കുകയും അവയുടെ ഫല പ്രദമായ ഉപയോഗവും<br><br>ഗണിതലാബ് ഉപയോഗം. | |
| അളവുകൾ തൂക്കങ്ങൾ<br><br>സമയം | അളവ്തൂക്ക ഉപകരണങ്ങളുടെ ഫലപ്രദമായ വിനിയോഗവും പ്രദർശനവും.<br><br>ഓരോ കുട്ടിയ്ക്കും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവസരം ലഭിക്കുന്നതിന് അധികപ്രവർത്തനങ്ങൾ, I CT യുടെ പരമാവധി ഉപയോഗം.<br><br>അളവ് തൂക്ക ഉപകരണങ്ങളുടേയും ക്ലോക്കിന്റെയും നിർമ്മാണവും പ്രദർശ നവും. | |
| ഗണിതക്ലബ് | ക്ലബ് പ്രവർത്തനങ്ങൾ വിപുലീകരിക്കുക, ഓരോ ക്ലാസ്സിനും ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക. ക്വിസ് മത്സരം സംഘടിപ്പിക്കുക. ഗണിതാസ്വാദനത്തിനുള്ള വിവിധ പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുന്നു. ഗണിതചരിത്രവും ഗണിതശാസ്ത്രജ്ഞന്മാരേയും പരിചയപ്പെടുത്തുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക. നിർമ്മി ക്കപ്പെടുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പ്രദർശനം സംഘടിപ്പിക്കുക. മേള കളിൽ പങ്കെടുക്കുക. | |
| ഗണിതമാഗസിൻ | ഗണിതക്ലബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസ്സിലേയും കുട്ടികളുടെ രചന കൾ ഉൾപ്പെടുത്തി ഗണിതമാഗസിൻ നിർമ്മിക്കുന്നു. | |
| ഗണിതമൂല | ഓരോ ക്ലാസ്സിലും ഗണിതമൂല സജ്ജ്മാക്കുന്നു. ഗണിതോപകരണങ്ങൾ, ഉല്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുകയും ഗണിതവുമായി ബന്ധപ്പെട്ട മറ്റ് നിർമ്മാണ - പരീക്ഷണപ്രവർത്തനങ്ങൾ ഗണിതമൂലയിൽ ചെയ്യുന്നു. | |
| Post-test | ഓരോ യൂണിറ്റിനു ശേഷവും വിലയിരുത്തൽ നടത്തുന്നു. | |

| പരിസരപഠനം | | |
|---|---|---|
| പ്രശ്നം | പ്രവർത്തനങ്ങൾ | |
| എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.<br><br>പ്രകൃതി ഒരു പാഠപുസ്തകം<br><br>എന്ന ആശയം | Pre - test ലൂടെ കുട്ടികളുടെ നിലവാരം കണ്ടെത്തൽ<br><br>ഓരോ ക്ലാസ്സിലേയും അടിസ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുത്തി ലോക്കൽ ടെസ്റ്റുകൾ നിർമ്മിക്കുക.<br><br>പാഠപുസ്തകത്തെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുക.<br><br>ക്ലാസ്സ് മുറി സ്വയം പഠനം, സംഘപഠനം I CT എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക.<br><br>CPTA, MPTA എന്നിവ ശക്തിപ്പെടുത്തുക.<br><br>ദിനാചരണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തുക.<br><br>ക്യാമ്പുകൾ, വിദഗ്ദരുടെ ക്ലാസ്സുകൾ എന്നിവ നടത്തുക.<br><br>ജൈവവൈവിധ്യ പാർക്ക്<br>പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധസസ്യത്തോട്ടം എന്നിവയുടെ നിർമ്മാ ണവും പരിപാലനവും | |
| കുട്ടികൾക്ക് സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴി യുന്നില്ല.<br><br>ശാസ്ത്രമൂല<br><br>ശാസ്ത്രക്ലബ് | ശാസ്ത്രപരീക്ഷണത്തിനുള്ള ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും ചെയ്യുന്നതിനുമുള്ള ലാബ് സജ്ജീകരണം<br>പഠനോപകരണങ്ങൾ നിർമ്മാണവും പ്രദർശനവും. \|<br>പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>I CT ഉപയോഗിച്ച് പരീക്ഷണങ്ങൾ മനസ്സിലാക്കുന്നു.<br><br>പഠനോപകരണപ്രദർശനം, കുട്ടികളുടെ ഉല്പന്നങ്ങൾ, വർക്ക് ഷീറ്റുകൾ തയ്യാ റാക്കൽ, പ്രദർശനം, ശാസ്ത്രപുസ്തകങ്ങൾ എന്നിവയ്ക്കായി ഒരോ ക്ലാസ്സിലും ശാസ്ത്രമൂല ഒരുക്കൽ.<br><br>ശാസ്ത്രക്ലബിന്റെ നേതൃത്വത്തിൽ ക്യാമ്പുകൾ, ബോധവത്കരണ ക്ലാസ്സുകൾ, ആരോഗ്യ-ശുചിത്വപ്രവർത്തനങ്ങൾ, ക്വിസ് മത്സരങ്ങൾ, ശാസ്ത്ര മേളകളിൽ പങ്കെടുക്കൽ | |

| | | |
|---|---|---|
| Post test | തുടങ്ങിയവ നടത്തുന്നു.<br>പാഠഭാഗവുമായി ബന്ധപ്പെട്ട പ്രോജക്റ്റ്, സർവ്വെ തുടങ്ങിയവയ്ക്കുള്ള<br>സഹായം നൽകുന്നു.<br><br>ഓരോ പ്രവർത്തനങ്ങൾക്കു ശേഷവും വിലയിരുത്തൽ നടത്തുന്നു. | |

## IT പരിശീലനം

ലക്ഷ്യം

IT അധിഷ്ഠിത പഠനത്തിലൂടെ പഠനം രസകരവും ലളിതവുമാക്കുക.

എല്ലാ കുട്ടികളെയും IT സാക്ഷരരാക്കുക.

പ്രവർത്തനങ്ങൾ

ICT അധിഷ്ഠിത പഠനത്തിനുയോജിച്ച ക്ലാസ്സ് മുറികൾ

എല്ലാ ക്ലാസ്സിലേക്കും ലാപ്ടോപ്

കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കൽ

ആഴ്ച്ചയിൽ രണ്ടു പീരിയഡ് IT പരിശീലനം

E-cube English language lab

മലയാളം, ഇംഗ്ലീഷ് ടൈപ്പിംങ്ങ് പരിശീലനം

ഫയൽ, ഫോൾഡർ തയ്യാറാക്കൽ

## കലാപഠനം - പ്രതിഭാപരിശീലനം

കുട്ടികളിലെ നൈസർഗികവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.

മേളകളിൽ മികച്ച വിജയം നേടുക,

കുട്ടികളുടെ സഭാകമ്പം അകറ്റുക

കുട്ടികളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനുള്ള അവസരം നൽകുക.

പ്രവർത്തനങ്ങൾ

സംഗീതം, നൃത്തം, ചിത്രകല എന്നിവയിൽ മികച്ച പരിശീലനം നൽകുക.

ആഴ്ച്ചയിൽ രണ്ടു പീരിയഡ് വിവിധ കലകൾക്ക് പരിശീലനം.

അക്ഷരമരം തനത് പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ മേഖലയിലേയും പ്രഗത്ഭരായവരെ ഉൾപ്പെടുത്തി

ശില്പശാലകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കൽ

അസംബ്ലി, ബാലസഭ, വാർഷികം, മേളകൾ എന്നിവയിൽ കഴിവുകൾ പ്രകടിപ്പിക്കാ നുള്ള അവസരം നൽകൽ

രക്ഷകർത്താക്കളെ തങ്ങളുടെ കുട്ടികളുടെ കഴിവുകൾ ബോദ്ധ്യപ്പെടുത്തൽ

കലാപഠനത്തിന് പ്രത്യേകം അധ്യാപകരെ നിയമിക്കാൻ നിർദ്ദേശിക്കുക.

## പ്രവൃത്തി പരിചയം

ലക്ഷ്യം

പഠനത്തോടൊപ്പം വിവിധങ്ങളായ തൊഴിലുകളിൽ പരിശീലനം

കുട്ടികളിലെ ഭാവന വളർത്തൽ

പ്രവർത്തനങ്ങൾ

താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു.

സ്കൂൾ തലത്തിൽ പരിശീലനം നൽകുന്നു.

കുട്ടികളുടെ താല്പര്യവും വൈഭവവുമനുസരിച്ച് തുടർപരിശീലനം

ശില്പശാലകൾ സംഘടിപ്പിക്കുന്നു.

മേളകളിൽ പങ്കെടുക്കുന്നു.

പ്രാദേശിക വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കൽ

## കായിക പരിശീലനം

ലക്ഷ്യങ്ങൾ

എല്ലാ കുട്ടികൾക്കും കായികപഠനത്തിന് അവസരമൊരുക്കുക.

കായികക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോദ്ധ്യപ്പെടുത്തുക.

ഓരോ ഇനത്തിലും കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകൽ

<u>പ്രവർത്തനങ്ങൾ</u>

കായികതാല്പര്യമുള്ളവരെ കണ്ടെത്തുന്നു.

കായികപ്രവർത്തനത്തിന് വേണ്ട സൗകര്യമൊരുക്കൽ

പ്രാദേശിക കായികപ്രതിഭകളുടെ സേവനം ഉറപ്പാക്കൽ

കായികാദ്ധ്യാപകനെ നിയമിക്കാൻ നിർദ്ദേശിക്കുക.

രക്ഷാകർത്യ ബോധവത്കരണം.

സമ്പൂർണ്ണ നീന്തൽ പരിശീലനത്തിന് അവസരം ഒരുക്കൽ

## <u>ഭിന്നശേഷിക്കാർക്ക് പരിശീലനം</u>

<u>ലക്ഷ്യം</u>

ഭിന്നശേഷിക്കാരായ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക

ഭിന്നശേഷിക്കാരെ പഠനത്തിൽ കഴിയുന്നത് മുന്നോട്ടുകൊണ്ടു വരിക.

പ്രവർത്തനങ്ങൾ

ഭിന്നശേഷിക്കാരെ കണ്ടെത്തുന്നു.

ആവശ്യമായ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നു.

രക്ഷാകർത്യ വിദ്യാഭ്യാസം

അനുരൂപീകരിച്ച പാഠ്യപദ്ധതി, പഠനോപകരണങ്ങൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പരിശീലനം.

മെഡിക്കൽ ക്യാമ്പ് നടത്തുക.

കലാ-കായിക മേളകൾ സംഘടിപ്പിക്കുക.

ശില്പശാലകൾ നടത്തുക.

ഉല്ലാസയാത്രകൾ സംഘടിപ്പിക്കുക.

## ക്ലബുകൾ

ലക്ഷ്യങ്ങൾ

ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ആവിഷ്കാരത്തിനും പ്രകടനത്തിനും അവസരമൊരുക്കൽ

പഠനപ്രക്രിയയെ സമൂഹവുമായി ബന്ധപ്പെടുത്തുക.

കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കൽ

കുട്ടികളുടെ വ്യക്തിത്വവികസനത്തിനുള്ള വേദികൾ ഒരുക്കുന്നു.

മേളകൾക്കു വേണ്ട പരിശീലനം നൽകുക.

പ്രവർത്തനങ്ങൾ

ക്ലബുകൾ രൂപീകരിക്കൽ

അധ്യാപകർക്ക് ചുമതല നൽകൽ

കുട്ടികൾക്ക് താല്പര്യമുള്ള ക്ലബുകളിൽ അംഗത്വം നൽകൽ

ക്ലബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ, ബോധവത്കരണക്ലാസ്സുകൾ, പച്ചക്കറിത്തോട്ടം,

പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കൽ

ക്വിസ് പ്രോഗ്രാമുകൾ നടത്തുക.

മേളകൾക്കു വേണ്ട പരിശീലനം നൽകുക.

ടാലന്റ് ലാബ് സജീവമാക്കി കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

## സാമൂഹ്യപങ്കാളിത്തം

ലക്ഷ്യം

വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക.

പഠനപ്രവർത്തനങ്ങൾക്ക് സഹായകമായ പ്രാദേശികവിഭവങ്ങൾ കണ്ടെത്താൻ സഹായിക്കുക.

സമൂഹം ഒരു പഠനവിഭവം.

വിദ്യാലയ വികസന പദ്ധതി നടപ്പിൽ വരുത്തുന്നതിനാവശ്യമായ അധിക വിഭവങ്ങൾ കണ്ടെത്തുക.

പ്രവർത്തനങ്ങൾ

SMC രൂപീകരണം

സ്കൂൾ സംരക്ഷസമിതി രൂപീകരണം

പൂർവ്വ വിദ്യാർത്ഥി സംഘടനാ രൂപീകരണം

വിദ്യാലയവും സമൂഹവും ചേർന്ന് വിദ്യാലയത്തിലും പുറത്തും പരിപാടികൾ സംഘടിപ്പിക്കുന്നു.

പ്രദേശത്തെ കരകൗശലവിദഗ്ദ്ധർ, കൈത്തൊഴിൽ ചെയ്യുന്നവർ. കായിക വിദഗ്ദർ എന്നിവരെ വിദ്യാലയത്തിലേക്ക് ക്ഷണിച്ച് പഠിതാക്കളുമായി ആശയവിനിമയം നട ത്തുന്നു.

സമൂഹത്തിലെ പ്രമുഖവ്യക്തികളുടെയും, സ്ഥാപനങ്ങളുടേയും സഹായത്തോടെ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ, പത്രങ്ങൾ തുടങ്ങിയവ സ്പോൺസർ ചെയ്യുന്നു.

സാമൂഹ്യ പങ്കാളിത്തത്തിന്റെ മാതൃകാപരമായ വിദ്യാലയ പ്രവർത്തനങ്ങൾ സമൂഹമാധ്യമങ്ങൾ വഴി പങ്കുവയ്ക്കുന്നു.

വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുന്നതിനായി സന്നദ്ധസംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുമായി ബന്ധപ്പെടുന്നു.

## വിദ്യാലയത്തിന്റെ ഭൗതിക വികസനത്തിനായി മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനങ്ങൾ

ആകർഷകമായ പ്രവേശന കവാടം

കുട്ടികളുടെ പാർക്ക്, കളി ഉപകരണങ്ങൾ

സ്കൂളിന്റെ മുൻവശത്ത് മഴ നനയാതെ കുട്ടികൾക്ക് നിൽക്കുന്നതിനായി റൂഫ്

ചുറ്റുമതിൽ പൂർത്തിയാക്കുക

സ്കൂളിന്റെ  പ്രധാന കെട്ടിടവും ഡൈനിങ് ഹാളും യോജിപ്പിച്ച് നട, റൂഫ്

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്. എല്ലാ പൊതുവിദ്യാലയങ്ങളെയും

മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന്
വഴികാട്ടിയാവുമെന്നുറപ്പാണ്.

അടുത്ത അഞ്ചു വർഷത്തേക്കുള്ള സമഗ്ര വികസന പദ്ധതിയാണ് ഇവിടെ നടപ്പാക്കി യിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുള്ള പദ്ധതികൾ നിശ്ചിത വിഷയഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് സൂക്ഷ്മ തലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യ മായ കൂട്ടിച്ചേർക്കലുകളും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും വേണ്ടി വരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ദതി വഴങ്ങുന്നതാവണം.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്തണം. അഞ്ചു വർഷംകൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും ലോകനിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.